വികസനത്തിനായി എൻ.എച്ച്.എം. മുഖേനയുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന പദ്ധതിയിൽനിന്നും തുക വകയിരുത്തുന്നുണ്ട്. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടതാണ് പ്രാഥമിക ആരോഗ്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രത്യേകം ബഡ്ജറ്റ് വിഹിതം വാർഷിക പദ്ധതിയിൽ വകയിരുത്തി വരുന്നുണ്ട്. ആരോഗ്യമേഖലയ്ക്ക് നൽകുന്ന ബഡ്ജറ്റ് വിഹിതത്തിൽ ഓരോ സാമ്പത്തിക വർഷത്തിലും വർദ്ധനവ് വരുത്തി വരുന്നു.

ബി.പി.എൽ. കാർഡുകാർക്കുള്ള ചികിൽസാ സഹായങ്ങൾ

5 (T*215) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി. പി. എൽ. കാർഡുകാർക്ക് നൽകിയിട്ടുള്ള ചികിത്സാ സഹായങ്ങൾ വിശദമാക്കാമോ ;

(ബി) ഭിന്നശേഷിക്കാർ, അംഗപരിമിതർ, പലതരം മാരകരോഗങ്ങളാൽ ദുരിതമനുഭവിക്കുന്നവർ എന്നിവർക്ക് എന്തെല്ലാം ചികിത്സാ സഹായങ്ങളാണ് നൽകിവരുന്നത് ;

(സി) പ്രസ്തുത വിഭാഗക്കാർക്കുകൂടി സൗജന്യ ചികിത്സ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ആർ.എസ്.ബി.വൈ. ചിസ് പദ്ധതിയിൽ 30,000 രൂപവരെയും ചിസ് പ്ലസ്-ൽ 70,000 രൂപവരെയും സൗജന്യചികിത്സാ സഹായം നൽകുന്നു. കൂടാതെ സുകൃതം, ആരോഗ്യകിരണം, കാരുണ്യ, ജനനിശിശു സുരക്ഷാകാര്യം, എസ്.എം.എ.പി., ആർ.ബി.എസ്.കെ., ആരോഗ്യ വകുപ്പ് മന്ത്രിയുടെ ക്ഷേമനിധിയിൽനിന്നുള്ള ചികിത്സാ ധനസഹായം തുടങ്ങിയ പദ്ധതികളിലായി സൗജന്യ ചികിത്സാ സഹായങ്ങൾ നൽകിവരുന്നു. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ബി.പി.എൽ. വിഭാഗക്കാർക്ക് വിവിധ ലാബ് ടെസ്റ്റുകൾ, എക്സ്റേ, അൾട്രാസൗണ്ട് സ്കാൻ എന്നിവയും കിടപ്പ്

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിവിധ ലാബ് ടെസ്റ്റുകൾ, എക്സ്റേ, അൾട്രാസൗണ്ട് സ്കാൻ എന്നിവയും കിടപ്പ് ചികിത്സയിലുള്ള രോഗികൾക്ക് മരുന്ന് സി.റ്റി.സ്കാൻ, ഇ.സി.ജി., ഇ.ഇ.ജി. എന്നിവയും ശസ്ത്രക്രിയ അടക്കമുള്ള ചികിത്സകളും സൗജന്യമായി നൽകിവരുന്നു.

(ബി) ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ യൂണിറ്റുകൾ വഴി ഭിന്നശേഷിക്കാർക്കുള്ള ചികിത്സകളായ ഫിസിയോതെറാപ്പി, എക്സർസൈസ് തെറാപ്പി, മസിൽ നേർവ് സ്റ്റിമുലേഷൻ, ആധുനിക ചികിത്സാ രീതികളായ അൾട്രാ സൗണ്ട് തെറാപ്പി മുതലായവ എല്ലാ ജില്ലാ ആശുപത്രികളിലും സൗജന്യമായി നൽകുന്നുണ്ട്. ലിമ്പ് ഫിറ്റിംഗ് സെന്ററുവഴി അംഗപരിമിതർക്ക് ആർട്ടിഫിഷ്യൽ ലിമ്പ് അപ്ലയൻസ്, എം.സി.ആർ. ചപ്പൽ, ഷൂസ് എന്നിവ ബി.പി.എൽ. വിഭാഗക്കാർക്ക് സൗജന്യമായും എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിലും നൽകി വരുന്നുണ്ട്. വെൽഫയർ സൊസൈറ്റി ഫോർ ലോക്കോമോട്ടോർ ഡിസേബിൾഡ്-ന്റെ ആഭിമുഖ്യത്തിൽ ഡിസെബിലിറ്റി ഡിറ്റക്ഷൻ ആന്റ് എവല്യൂഷൻ ക്യാമ്പുകൾ നടത്തുകയും അർഹരായവർക്ക് ഹാന്റിക്യാപ്പ്ഡ് വെൽഫയർ കോർപ്പറേഷൻ മുഖേന ആർട്ടിഫിഷ്യൽ ലിമ്പ്, അപ്ലൈൻസ്, എം.സി.ആർ. ചപ്പൽ, ഷൂസ് എന്നിവ സൗജന്യമായി നൽകുകയും ചെയ്യുന്നു.

മെഡിക്കൽ കോളേജുകളിൽ ഈ വിഭാഗത്തിൽപ്പെട്ടവരിൽനിന്നും ഒ.പി.ടിക്കറ്റിന് പ്രത്യേകം തുക ഈടാക്കുന്നില്ല. ഇവർക്ക് ഒ.പി. രജിസ്ട്രേഷന് പ്രത്യേകം കൗണ്ടർ ഒരുക്കിയിട്ടുണ്ട്. മാരകരോഗങ്ങളാൽ വിഷമിക്കുന്ന പാവപ്പെട്ട രോഗികൾക്ക് ആരോഗ്യവകുപ്പിന് കീഴിലുള്ള ക്യാൻസർ സെന്ററുകളിൽ കെ.എം.എസ്.സി.എൽ. വിതരണം ചെയ്യുന്ന കീമോതെറാപ്പി ചികിത്സയ്ക്കുള്ള മരുന്നുകൾ സൗജന്യമായി നൽകിവരുന്നു. കാരുണ്യ ബനവലന്റ് പദ്ധതി മുഖേന 2 ലക്ഷം രൂപ വരെയുള്ള ചികിത്സാ സഹായവും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ക്യാൻസർ രോഗികൾക്ക് സുകൃതം പദ്ധതിയിലൂടെ 5 ലക്ഷം രൂപവരെയുള്ള ചികിത്സാ ധനസഹായവും നൽകിവരുന്നു.

(സി) ഇക്കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly